(ബി) 1999-ൽ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എസ്.സി.ഇ.ആർ.ടി. യുടെ ഒരു വിഭാഗമായി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ തന്നെ ടി സ്ഥാപനം ക്രമേണ ഒരു സ്വതന്ത്ര സ്ഥാപനമായി മാറണം എന്നു പ്രതിപാദിച്ചിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ഒരു വിദഗ്ധ സമിതിയെ 2008-ൽ സർക്കാർ നിയമിച്ചു. ടി സമിതി 'സമർപ്പിച്ച റിപ്പോർട്ടിൽ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ''സ്കോൾ കേരള'' എന്ന ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശത്തെ സർക്കാർ അംഗീകരിച്ച് 2010-ൽ ഉത്തരവായിട്ടുണ്ട്.

(സി) നിലവിൽ മേഖലാ ഓഫീസ് മലപ്പുറത്ത് മാത്രമാണുള്ളത്.

(ഡി) ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം മാറ്റാൻ തീരുമാനം എടുത്തിട്ടില്ല.

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ ജോയിന്റ് റിവ്യൂവിന്റെ റിപ്പോർട്ട്

6 (*666) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ ജോയിന്റ് റിവ്യൂവിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിൽ സംസ്ഥാനത്തെ സ്കൂൾ മേഖല ഗുരുതരമായ നിലവാര തകർച്ച നേരിടുന്നതായി പറയപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അദ്ധ്യാപകർക്ക് ലഭിക്കേണ്ട പരിശീലനത്തിലെ നിലവാരത്തകർച്ച ഉണ്ടായിട്ടുള്ളത് പരിശോധിക്കുമോ ;

(ഡി) എസ്.സി.ഇ.ആർ.ടി-യിലെ പരിശീലകരുടെ വിദ്യാഭ്യാസ നിലവാരം തരംതാണതും അടിസ്ഥാനസൗകര്യം പോലുമില്ലാത്ത അവസ്ഥയിലുമാണുള്ള തെന്നതായ ആക്ഷേപം അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ-ഡി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അംഗീകരിച്ച ജോയിന്റ് റിവ്യൂ മിഷൻ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly